# എൻ. എസ്. എസ്. കെ. യു. പി. എസ്.

## കിഴക്കനോതറ



# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 - 26

# ഉള്ളടക്കം

ആമുഖം

ചരിത്രവും അടിസ്ഥാന വിവരങ്ങളും

പൊതുലക്ഷ്യങ്ങൾ

അക്കാദമികതല പ്രവർത്തനാസൂത്രണം

ഭൗതിക സൗകര്യ വികസനാസൂത്രണം

സാമൂഹ്യബന്ധ സൂത്രണം

## ആമുഖം

തിരുവല്ല താലൂക്കിൽ ഇരവിപേരൂർ പഞ്ചായത്തിൽ കിഴക്കനോതറ ഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന സ്കൂളാണ് എൻ.എസ്.എസ്.കെ.യു.പി.എസ്. സ്കൂളിനടുത്ത് സ്ഥിതി ചെയ്യുന്നത് പഴയകാവ് എന്ന സ്ഥലമാണ്. ഈ സ്ഥലത്ത് പ്രാധാന്യ മർഹിക്കുന്ന പല സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നു. പ്രാചീനകലാ രൂപ മായ പടയണി അരങ്ങേറുന്ന പ്രസിദ്ധമായ ദേവീക്ഷേത്രം പഴയകാവിന് സമീപമുള്ള പുതുക്കുളങ്ങരയിൽ സ്ഥിതിചെയ്യുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ അതിപ്രസരം കാരണം കുട്ടികളുടെ എണ്ണം വർഷംതോറും കുറഞ്ഞുവരുന്നു.

## അവസ്ഥാവിശകലനം

സാമാന്യം ഭേദപ്പെട്ട ഭൗതിക സൗകര്യങ്ങൾ ഇന്ന് വിദ്യാലയത്തിനുണ്ട്. ഓഫീസ്, സ്റ്റാഫ്റൂം, 3 ക്ലാസ്സ് റൂം എന്നിവയുള്ള ഒരു കെട്ടിടമുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം ടോയ്‌ലെറ്റുകൾ ഉണ്ട്. സ്വന്തമായി കിണറും എല്ലാവിധ വാട്ടർ ഫെസിലിറ്റിയും ഉണ്ട്.

പി.ടി.എ, എസ്.എസ്.ജി, മദർ പി.ടി.എ. എന്നിവ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. കുട്ടികളുടെ പഠന കാര്യങ്ങൾ അധ്യാപകരോടൊപ്പം രക്ഷിതാക്കളും ഏറെ ശ്രദ്ധ പുലർത്തുന്നു. അധ്യാപകർ രക്ഷിതാക്കളുമായി നിരന്തരം ബന്ധം പുലർത്തുന്നതു വഴി കുട്ടികളുടെ പഠന നിലവാരത്തിൽ ഗുണപരമായി മാറ്റങ്ങൾ ഉണ്ടാക്കിയെടുക്കുവാൻ കഴിയുന്നുണ്ട്. ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി നിരവധി പരിപാടികൾ വിദ്യാലയത്തിൽ നടക്കുന്നു. കലാകായിക പ്രവൃത്തി പരിചയ മേഖലകളിൽ മികവു പുലർത്താൻ കുട്ടികൾക്ക് കഴിയുന്നുണ്ട്. വിവിധ മത്സരങ്ങളിലും പരിപാടികളിലും കുട്ടികൾ വളരെയേറെ മികവു കാട്ടുന്നവരാണ്. ക്ലാസ്സ് മുറികൾ, വരാന്ത എന്നിവ ടൈൽ പാകി വൃത്തിയാക്കേണ്ടതുണ്ട്. ലൈബ്രറി, ലബോറട്ടറി, ഡൈനിംഗ് ഹാൾ ഇവ മെച്ചപ്പെടുത്തേണ്ടതുണ്ട്. ക്ലാസ്സ് റൂമുകളിൽ ബെഞ്ചുകൾ, ഡെസ്ക്കുകൾ, സ്ക്രീനുകൾ ഇവയുടെ അപര്യാപ്തത നിലനിൽക്കുന്നു. കെട്ടിടങ്ങൾ, പഠനമൂല്യമുള്ള ചിത്രങ്ങൾ ഉൾപ്പെടുത്തി ആകർഷകമായി പെയിന്റ് ചെയ്യേണ്ടതുണ്ട്. ആധുനിക സൗകര്യങ്ങളുള്ള അടുക്കള അനിവാര്യമാണ്. സ്വന്തമായി സ്കൂളിന് ഏറെ ഭൂമിയുണ്ട്. ഇവിടെ ജൈവവൈവിദ്ധ്യ പാർക്ക്, വൃക്ഷവത്ക്കരണം, ശലഭോദ്യാനം, ഔഷധത്തോട്ടം, ജൈവകൃഷിത്തോട്ടം, മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിക്കാനുള്ള സംവിധാനം, കംപോസ്റ്റിംഗ് സൗകര്യങ്ങൾ എന്നിവയ്ക്ക് സാധ്യതയുണ്ട്.

കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കുന്നതിനാവശ്യമായ സ്ഥലപരിമിതികളുണ്ട്. അതിന് അനുയോജ്യമായ ഹാളും, ബെഞ്ചും, ഡെസ്കും ആവശ്യമാണ്. മാനേജ്മെന്റിനോടും പഞ്ചായത്തിനോടും ഈ ആവശ്യം അഭ്യർത്ഥിച്ചിട്ടുണ്ട്.

## അക്കാദമിക പ്രവർത്തനാസൂത്രണം

### പൊതുലക്ഷ്യം

1. അതാത് ക്ലാസ്സുകളിൽ കൈവരിക്കേണ്ട പഠനനേട്ടങ്ങൾ ലഭിച്ചു എന്ന് ഉറപ്പ് വരുത്താൻ
2. മുഴുവൻ കുട്ടികൾക്കും മാതൃഭാഷയും, ഇംഗ്ലീഷും അനായാസം വായിക്കുന്നതിനും എഴുതുന്നതിനുമുള്ള കഴിവ് വികസിപ്പിക്കാൻ
3. മാതൃഭാഷയുടെ തനിമയും, സൗന്ദര്യവും തിരിച്ചറിഞ്ഞ് ആശയപ്രകടത്തിലും, രചനയിലും മികവുള്ളവരാക്കാൻ
4. വിദ്യാർത്ഥിയുടെ സമഗ്രവികസനം ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ

**മാതൃഭാഷ**

### ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നുവെന്നും എഴുതുന്നുവെന്നും ഉറപ്പാക്കൽ
- എല്ലാകുട്ടികളും ഓരോ പ്രായഘട്ടത്തിനും അനുയോജ്യമാം വിധം മികച്ച നിലയിൽ ആശയവിനിമയം നടത്താനുള്ള ശേഷി ആർജിക്കൽ
- കുട്ടിയുടെ സാഹിത്യാഭിരുചി വളർത്താൻ
- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കൽ
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടൽ
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ

### പ്രവർത്തനങ്ങൾ

- **അർത്ഥപൂർണ്ണമായ വായന**

- പത്രവായന : വിശ്രമവേളകളിലും വൈകുന്നേരങ്ങളിലും കുട്ടികൾ വ്യക്തിഗതമായും സംഘമായും വായനയിൽ ഏർപ്പെടൽ. വായിച്ച പുസ്തകങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കാൻ അസംബ്ലിയിൽ അവസരമൊരുക്കൽ
- പദപ്രശ്നം : മാസത്തിലൊരിക്കൽ ഉചിതമായ രീതിയിൽ പദപ്രശ്നം അവതരിപ്പിക്കുക.

- **കുട്ടികളുടെ രംഗവേദി**
  - പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരമൊരുക്കൽ
  - ലഘുനാടകങ്ങൾ എഴുതി തയ്യാറാക്കി അവതരിപ്പിക്കൽ
  - ദൃക്സാക്ഷി വിവരണം
  - കാവ്യാലാപനം
  - കഥാകഥനം, പ്രസംഗം തയ്യാറാക്കൽ, അവതരണം
- **സാഹിത്യ ശില്പശാലകൾ**
  - സാഹിത്യകാരന്മാരെ പരിചയപ്പെടൽ
  - അഭിമുഖം
  - സംവാദം
  - കാവ്യാലാപനം
  - കുറിപ്പ് തയ്യാറാക്കൽ, അവതരണം
- **സർഗ്ഗാത്മക രചന**
  - പതിപ്പുകളും, മാസികകളും തയ്യാറാക്കൽ
  - കഥാനിരൂപണം, കവിതാനിരൂപണം, ചിത്രരചന
  - ഇൻലന്റ് മാഗസിൻ
  - പോസ്റ്റർ നിർമ്മാണം

**ഇംഗ്ലീഷ്**

**ലക്ഷ്യങ്ങൾ**

- ഇംഗ്ലീഷിൽ നിർഭയരായി ആശയവിനിമയം നടത്തുന്നതിന് കുട്ടികളെ പ്രപ്തരാക്കാൻ
- ഇംഗ്ലീഷ് ഒഴുക്കോടെ വായിക്കുന്നതിനും, തെറ്റ് കൂടാതെ എഴുതുന്നതിനും പ്രാപ്തരാക്കൽ
- വിവരവിനിമയ സാങ്കേതിക വിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാശാ വികസനത്തിന് പ്രയോജനപ്പെടുത്തുക
- ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കൽ
- സ്വതന്ത്ര രചനയ്ക്കുള്ള അവസരമൊരുക്കൽ

**പ്രവർത്തനങ്ങൾ**

- **റീഡിംഗ്**

- ഇംഗ്ലീഷ് വായനസാമഗ്രികൾ ക്ലാസ്സ്റൂം ലൈബ്രറിയിൽ എത്തിക്കുക മാതൃകവായന നടത്തുക
- നിത്യേന ഓരോ കുട്ടിയും ഇംഗ്ലീഷ് പുസ്തകങ്ങളിൽ നിന്നുള്ള ഒന്നോ രണ്ടോ പേജ് വായിക്കുക
- ഇംഗ്ലീഷ് സിനിമകൾ കാണാനുള്ള അവസരമൊരുക്കൽ
- ചിത്രരചന, ചിത്രവായന, കഥാചാർട്ട്, കവിത എന്നിവ ഗ്രൂപ്പിൽ പരിശീലനം ചെയ്യുക
- ഇംഗ്ലീഷ് പത്രമാസികകൾ അസംബ്ലിയിൽ വായിക്കുക.

- **രചന**

- ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്തുക
- ഇൻലന്റ് മാഗസിൻ പ്രസിദ്ധീകരിക്കുക
- ഇംഗ്ലീഷ് ഡേ
- ഇംഗ്ലീഷ് ഫെസ്റ്റ്
- ഇംഗ്ലീഷ് അസംബ്ലി
- ഇംഗ്ലീഷ് റിസോർസ് അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനം നടത്തുക.

ഗണിതം

**ലക്ഷ്യങ്ങൾ**

- ഓരോ ക്ലാസ്സിലും വേണ്ട അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
- ക്രിയകളിൽ പ്രാവീണ്യം നേടാനും പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണ ചെയ്യാനുമുള്ള ശേഷി വികസിപ്പിക്കൽ
- ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിക്കുക
- നിത്യ ജീവിതത്തിൽ ഗണിത ബുദ്ധി പ്രയോജനപ്പെടുത്തുകയും യുക്തിചിന്ത വികസിപ്പിക്കുകയും ചെയ്യുക.

**പ്രവർത്തനങ്ങൾ**

- ഗണിതലാബ് സജ്ജമാക്കുക
- ഗണിത ക്വിസ്സ് സംഘടിപ്പിക്കുക (മനകണക്കിന് പ്രാധാന്യം)

- ഗണിത ചുവരിൽ വിവിധ ഗണിതരൂപങ്ങളും, പാറ്റേണുകളും പ്രദർശിപ്പിക്കുക
- ഗണിതോത്സവം സംഘടിപ്പിക്കുക
- ഐ.സി.റ്റി. സാധ്യതകൾ പ്രയോജനപ്പെടുത്തി ഗണിത പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം നേടുക
- ഗണിത മാസിക തയ്യാറാക്കൽ
- സൂക്തിചിന്തക്ക് പ്രാധാന്യം നൽകുന്ന ഗണിത പസിലുകൾ അവതരിപ്പിക്കുക

**ഐ.സി.റ്റി. പഠനം**

**ലക്ഷ്യങ്ങൾ**

- വിവരവിനിമയ സാധ്യതയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക
- വിവരങ്ങൾ കമ്പ്യൂട്ടറിലൂടെ അറിയാനുള്ള സാധ്യത പ്രയോജനപ്പെടുത്തുക
- നിർഭയമായും സ്വതന്ത്രമായും കമ്പ്യൂട്ടർ ഉപയോഗിക്കുക

**പ്രവർത്തനങ്ങൾ**

- മലയാളം, ഇംഗ്ലീഷ്, ടൈപ്പിംഗ് പരിശീലനം
- പ്രശ്നപരിഹാരത്തിനാവശ്യമായ വിവരങ്ങൾ ഇന്റർ നെറ്റ് വഴി അന്വേഷിച്ച് കണ്ടെത്തുക
- കമ്പ്യൂട്ടർ കളികളിലൂടെ ഭാഷ, ഗണിതം, നിർമ്മാണം എന്നിവയിൽ അടിസ്ഥാന ധാരണ ഉണ്ടാക്കുക

**പഠനപിന്നോക്കെ നിൽക്കുന്നവർക്ക് കൈതാങ്ങ്**

**പ്രർത്തനം**

- പ്രീടെസ്റ്റ് നടത്തി കുട്ടികളെ കണ്ടെത്തൽ
- രക്ഷിതാക്കളുമായി ചർച്ച നടത്തുക
- അനുയോജ്യവും, താൽപ്പര്യജനകവുമായ പഠനപ്രവർത്തന പദ്ധതി ആസൂത്രണം ചെയ്യൽ
- രക്ഷിതാക്കളുടെ പിന്തുണയോടെ സമയബന്ധിതമായി പരിശീലനം നൽകൽ
- രണ്ടാഴ്ച കൂടുമ്പോൾ പരീക്ഷകൾ നടത്തി പഠനപുരോഗതി രക്ഷിതാക്കളെ അറിയിക്കുക.

- വിദ്യാലയത്തിലെ പൊതുപരിപാടികളിൽ ഇത്തരം കുട്ടികൾക്ക് അവസരം നൽകുക
- നേതൃത്വപരമായ പ്രവർത്തനങ്ങളിൽ അവരെ കൂടെ പങ്കാളിയാക്കുക

**ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ അക്കാദമിക മികവ്**

**മാതൃഭാഷ ക്ലബ്ബ്**

- മാതൃഭാഷയുടെ മാധുര്യം ബോധ്യപ്പെടുത്തുന്ന തരത്തിൽ പഴഞ്ചൊല്ലുൾ, ശൈലികൾ, പ്രയോഗങ്ങൾ എന്നിവയിലൂടെ മാതൃഭാഷയിൽ മികവ് കൈവരിക്കൽ
- അസംബ്ലിയിൽ പഴഞ്ചൊല്ലുകളുടെ അവതരണവും വ്യാഖ്യാനവും
- ഭാഷാക്വിസ്, ഭാഷാകേളികൾ, കടങ്കഥ, ശൈലികൾ

**ഇംഗ്ലീഷ് ക്ലബ്ബ്**

- സ്കിറ്റുകൾ അവതരിപ്പിക്കുക
- വിവിധ പരിപാടികൾ ഇംഗ്ലീഷിൽ സംഘടിപ്പിക്കൽ
- ഇംഗ്ലീഷ് പത്രവായന

**ഹെൽത്ത് ക്ലബ്ബ്**

- ആരോഗ്യ കായിക ക്ഷമത ഉറപ്പാക്കൽ
- ആരോഗ്യ ശീലങ്ങൾ വളർത്താനുള്ള പരിശീലനം
- മാലിന്യമുക്തമായ വിദ്യാലയ പരിസരം
- മാസ്ട്രിൽ ആഴ്ചയിൽ ഒരിക്കൽ
- കായികമേള ലക്ഷ്യം വെച്ചുകൊണ്ടുള്ള തയ്യാറെടുപ്പ്
- വാർഷികാഘോഷത്തിന്റെ ഭാഗമായി വിവിധ കലാപരിശീലനം (ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ)

**കുട്ടിയെ അറിയാൻ**

- അവധിക്കാല ഗൃഹസന്ദർശനം, സർവ്വേ
- സഹായക പ്രവർത്തനങ്ങൾ
- രക്ഷിതാവിന്റെ പ്രൊഫൈൽ തയ്യാറാക്കൽ

**പ്രാദേശിക വായനാക്കൂട്ടങ്ങൾ**

- വീടുകൾ കേന്ദ്രീകരിച്ച് കുറച്ച് കുട്ടികളുടെ സംഘങ്ങൾ പഠനപ്രവർത്തനങ്ങൾ നടത്തുക

**അമ്മമാരുടെ വായനശാല**

- അമ്മമാരുടെ നേതൃത്വത്തിൽ പ്രത്യേകം നിർവ്വഹണ കമ്മറ്റി
- പുസ്തകങ്ങൾ, അലമാര, രജിസ്റ്ററുകൾ വാങ്ങൽ
- പുസ്തക വിതരണം, പുസ്തക ചർച്ച അനുബന്ധ പരിപാടികൾ

**പഠനക്ലാസ്സുകൾ**

- രക്ഷിതാക്കൾക്ക് പഠനപ്രവർത്തനങ്ങളുടെ ഉള്ളടക്കത്തെപ്പറ്റി ധാരണ വളർത്താൻ ക്ലാസ്സ് പി.ടി.എ. ചേരുകയും രക്ഷിതാക്കൾക്ക് ക്ലാസ്സ് എടുക്കുകയും.

**പ്രാദേശിക വിദഗ്ധരുടെ കൂട്ടായ്മ**

- ചിത്രം, ശില്പനിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം, നൃത്തം, സംഗീതം എന്നിവയിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും പരിശീലനം.

**പഠനയാത്ര, ഫീൽഡ്ട്രിപ്പ്, വാർഷികാഘോഷം എന്നിവയിലെ രക്ഷാ കർത്തൃ കൂട്ടായ്മ**

- രണ്ട് മാസത്തിലൊരിക്കൽ ഫീൽഡ്ട്രിപ്പ്
- ഡിസംബറിൽ പഠനയാത്ര
- ഏപ്രിൽ ആദ്യവാരം വാർഷികാഘോഷം

**ജൈവപച്ചക്കറി കൃഷി**

- ഒക്ടോബറിൽ തുടക്കം
- മാർച്ചിൽ കിഴങ്ങുവർഗ്ഗ കൃഷി
- സ്കൂളിലൊരു പച്ചക്കറിത്തോട്ടം

**നിർമ്മാണ ശില്പശാലകൾ**

- സാമൂഹ്യ പ്രയോജനമുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണ ശില്പശാല കൾ രക്ഷിതാക്കൾക്ക്
- തുണിസഞ്ചി, സോപ്പ് എന്നിവയുടെ നിർമ്മാണ പരിശീലനം

## ഭൗതിക സൗകര്യ വികസനാസൂത്രണം

### പൊതുലക്ഷ്യങ്ങൾ

- ❖ അനുയോജ്യവും, ആകർഷകവും, സുരക്ഷിതവുമായ ഭൗതികാന്ത രീക്ഷം ഉണ്ടാക്കിയെടുക്കൽ.
- ❖ ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്താ വുന്ന തരത്തിൽ ക്ലാസ്സ് മുറികൾ ഹൈടെക് ആക്കൽ
- ❖ ശുചിത്യപൂർണ്ണവും, ഹരിതാഭവുമായ വിദ്യാലയ അന്തരീക്ഷം രൂപ പ്പെടുത്തൽ
- ❖ ഉച്ചഭക്ഷണം തയ്യാറാക്കാനും, വിതരണം ചെയ്യാനും മെച്ചപ്പെട്ട സൗകര്യം ഒരുക്കൽ
- ❖ സൗകര്യപ്രദമായ രീതിയിൽ യോഗങ്ങളും അവതരണങ്ങളും നട ത്തുന്നതിനുള്ള സംവിധാനം ഒരുക്കൽ
- ❖ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അനുയോജ്യമായ സൗകര്യമൊരുക്കൽ

### പ്രവർത്തനങ്ങൾ

- ❖ ഹരിതവിദ്യാലയം സാധ്യമാക്കൽ
- ❖ ജൈവപച്ചക്കറിത്തോട്ടം
- ❖ ഔഷധത്തോട്ട നിർമ്മാണം

  പ്രാദേശികമായി ലഭിക്കുന്ന ഔഷധ സസ്യങ്ങൾ ചെടിച്ചട്ടികളിലാക്കി പേര്, ഔഷധഗുണം എന്നിവ രേഖപ്പെടുത്തിയ ബോർഡ് സ്ഥാപി ക്കൽ
- ❖ വിദ്യാലയ മുറ്റത്ത് ഒരു പൂന്തോട്ടം

  നാട്ടു ചെടികൾക്ക് പ്രാധാന്യം നൽകി കൊണ്ട് വിദ്യാലയ മുറ്റത്ത് ഒരു പൂന്തോട്ടം ഒരുക്കൽ എല്ലാ മാസവും പൂന്തോട്ടത്തിലൊരു അതിഥി പദ്ധതി.
- ❖ മാലിന്യ വിമുക്ത വിദ്യാലയം

  പൈപ്പ് കമ്പോസ്റ്റ്, കുഴി കമ്പോസ്റ്റ്, സൗകര്യങ്ങൾ ഉണ്ടാക്കുക, മണ്ണിര കമ്പോസ്റ്റ് ക്രമീകരിക്കുക, ജൈവവളം സ്കൂളിൽ തന്നെ ഉണ്ടാക്കു ക.

- സ്കൂളുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുക.
- മെച്ചപ്പെട്ട പോഷകാഹാര വിതരണം സാധ്യമാക്കുക
- സകൂളിലെ എല്ലാ സമിതികളുടെയും ശാക്തീകരണം
- എല്ലാ അർത്ഥത്തിലും ജനകീയതലം ശക്തിപ്പെടുത്തുന്ന പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യുക

## പ്രവർത്തനങ്ങൾ

- വിവിധ പദ്ധതികളുടെ ശാക്തീകരണം
- മാസത്തിൽ എസ്.എസ്.ജി, പി.റ്റി.എ, മദർ പി.റ്റി.എ., ക്ലാസ്സ് പി.റ്റി.എ. യോഗം ചേരുക
- മൂന്ന് മാസത്തിലൊരിക്കൽ വിദ്യാലയ വികസന സമിതി ചേരുക
- പൂർവ്വ വിദ്യാർത്ഥി യോഗങ്ങൾ ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങളും സഹായ പദ്ധതികളും ആസൂത്രണം ചെയ്യൽ
- സ്കൂൾ ലൈബ്രറി, ലബോറട്ടറി എന്നിവ ആധുനിക വൽക്കരിക്കുകയും കുട്ടികൾക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലാക്കുക
- മെച്ചപ്പെട്ടതും, പോഷകസമൃദ്ധവുമായ ഉച്ചഭക്ഷണരീതി നടപ്പിലാക്കുക
- വിദ്യാലത്തിലെ എല്ലാ പ്രവർത്തനങ്ങളിലും സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തുക
- പൊതിവിദ്യാഭ്യാസ സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക.

## പൊതുലക്ഷ്യങ്ങൾ

- 5 മുതൽ 7 വരെ ഓരോ ക്ലാസ്സിലും കുട്ടികൾ ആർജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരത്തിലുള്ള ധാരണകളും നൈപുണികളും ക്ലാസ്സിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക
- മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ ജ്ഞാനവും വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നതുവഴി ആശയവിനിമയ ശേഷി നേടുകയും ചെയ്യുന്നു.
- ഗണിതം, ശാസ്ത്രം എന്നീ വിഷയങ്ങളിൽ പ്രവർത്തനാധിഷ്ഠിതമായി പഠനനേട്ടം ഉറപ്പ് വരുത്തുക

- പഠ്യേതര വിഷയങ്ങളിൽ മികവ് പുലർത്തുക
- ആരോഗ്യപരമായ അവസ്ഥ സൃഷ്ടിക്കുക
- ഭൗതികവും മാനസികവും സാംസ്കാരികവുമായ സൗകര്യങ്ങൾ വിദ്യാലയത്തിൽ ഒരുക്കുക.
- കാർഷിക സംസ്കാരം രൂപപ്പെടുത്തിയെടുക്കുന്നതിനായുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം
- പ്രകൃതിതന്നെ പാഠപുസ്തകം
- വിദ്യാഭ്യാസത്തിന്റെ സമസ്ത മേഖലകളിലും അന്താരാഷ്ട്ര മാതൃക വികസിപ്പിക്കുക.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## വിഷയം :- അടിസ്ഥാനശാസ്ത്രം

### ആമുഖം :-

ശാസ്ത്രം എന്നത് ലോകത്തെ മനസ്സിലാക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും ഉപയോഗിക്കുന്ന ഒരു ശാസ്ത്രീയ സമീപനമാണ്. ശാസ്ത്ര വിദ്യാഭ്യാസം വഴി വിദ്യാർത്ഥികൾക്ക് ശാസ്ത്രീയ ചിന്താരീതി, പ്രശ്നപരിഹാര കഴിവുകൾ, സാങ്കേതിക വിദ്യകൾ എന്നിവ വികസിപ്പിക്കാൻ കഴിയും. കൂടാതെ വിദ്യാർത്ഥികളെ വിവിധ മേഖലകളിൽ (ശാസ്ത്രത്തിന്റെ) നിപുണത നേടാൻ സഹായിക്കുന്നു.

### ശാസ്ത്രപഠന ലക്ഷ്യങ്ങൾ :-

* ശാസ്ത്രീയ സമീപനം വികസിപ്പിക്കുക.
* ശാസ്ത്രീയ ചിന്താശേഷി വികസിപ്പിക്കുക.
* ശാസ്ത്രീയ ജ്ഞാനം വർദ്ധിപ്പിക്കുക

* ശാസ്ത്രീയ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുക.
* ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ.
* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക
* ശാസ്ത്രത്തിനുവേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| * ജീവിത സാഹചര്യങ്ങ-ളിൽ നിന്നും ചുറ്റു-പാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | * ജൈവ വൈവിധ്യ ഉദ്യാനം :- ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ഉദ്യാനം, കുളം എന്നിവയുടെ നിർമ്മാണം. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ്, പ്രധാനാധ്യാപിക. |
| | * പരീക്ഷണങ്ങൾ :- നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂ-ടെ ശാസ്ത്ര ക്ലാസ്സുകൾ നടത്തുന്നു. | ജൂൺ മുതൽ | ശാസ്ത്ര അധ്യാപിക, സയൻസ് ക്ലബ്ബ്. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| * ദിനാചരണങ്ങൾ | * പോസ്റ്റർ രചന, ക്വിസ് മത്സരം, ദിനസന്ദേശം, ചെറുകവിതകൾ, ചിത്രങ്ങൾ, പത്രകട്ടിംഗുകൾ തുടങ്ങിയവയുടെ ശേഖരണം. | അതാത് മാസങ്ങളിൽ | സയൻസ് ക്ലബ്ബ്, ശാസ്ത്ര അധ്യാപിക |
| * ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക; ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | * പരീക്ഷണ നിരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുന്നതിനുള്ള കഴിവ് ഉണ്ടാക്കിയെടുക്കുന്നതിനുള്ള അവസരം നൽകുന്നു.<br>* ശാസ്ത്ര സെമിനാറുകളും പ്രോജക്റ്റുകളും തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപിക |
| * തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം | * ശാസ്ത്ര പഠനത്തിലൂടെ കുട്ടികൾക്ക് കൃഷിയോടുള്ള അഭിരുചിയും വളർത്തുന്നു. പുതിയ കൃഷിരീതികൾ പഠിക്കുന്നു. തൈകൾ ഉത്പാദിപ്പിക്കൽ, തുടങ്ങിയവയുടെ ജ്ഞാനം. | ദീർഘകാലം | പരിസ്ഥിതി ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| * പ്രകൃതി പഠനം | * പ്രകൃതി നിരീക്ഷണം; ഔഷധ സസ്യങ്ങൾ വെച്ചുപിടിപ്പിക്കൽ (നടീൽ), ഇലകളുടെ വിന്യാസം നിരീക്ഷിക്കൽ, കൃഷിഭവൻ സന്ദർശിക്കൽ, വിത്തുകൾ പാകി മുളപ്പിക്കൽ, ചുറ്റുപാടുകളിൽ നിന്ന് ആഹാര ശൃംഖലകളും എന്നിവ കണ്ടെത്തുന്നു. | ജൂൺ മുതൽ ആഗസ്റ്റ് വരെ | അധ്യാപിക |
| *പാഠ്യപ്രവർത്തനങ്ങൾ ഏറ്റെടുക്കൽ | *ആരോഗ്യശീലങ്ങൾ, വ്യക്തിശുചിത്വം, പരിസര ശുചിത്വം, പോസ്റ്ററുകൾ, ചാർട്ടുകൾ, ശാസ്ത്ര ഗാനം, ജീവചരിത്ര കുറിപ്പുകൾ, ക്വിസ്, ഫുഡ് ഫെസ്റ്റ്, വിഭവങ്ങൾ പരിചയപ്പെടൽ, സെമിനാറുകൾ, പരീക്ഷണക്കുറിപ്പുകൾ, തുടങ്ങിയ പ്രവർത്തനങ്ങൾ. | ജൂൺ മുതൽ അക്കാദമിക വർഷം | അധ്യാപിക |
| | *ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകളെക്കുറിച്ചും, ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തലും. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| * ശാസ്ത്ര സാങ്കേതിക വിദ്യയുടെ വികാസങ്ങളും സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനം പ്രയോജനപ്പെടുത്തുക. | * ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ, പുതിയ കണ്ടുപിടിത്തങ്ങൾ, കൃത്രിമ ഉപഗ്രഹങ്ങൾ, ബഹിരാകാശയാത്രകൾ തുടങ്ങിയവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | അധ്യാപിക |
| * പഠനവിടവ് പരിഹരിക്കൽ | * പഠന പോരായ്മകൾ ഉള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പാഠഭാഗങ്ങൾ ലളിതമായി മനസ്സിലാക്കി കൊടുക്കുന്നു. ചിത്രങ്ങൾ വരപ്പിക്കുന്നു; വായിപ്പിക്കുന്നു; കൂട്ടുകാരുടെ സഹായത്തോടെ എഴുതിപ്പിക്കുകയും വായിപ്പിക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | അധ്യാപിക, മിടുക്കരായ കുട്ടികൾ. |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| • കുട്ടികളിൽ ശാസ്ത്രാഭി- രുചി വളർത്തൽ | * ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം, പരീക്ഷണക്കളരി. | അവശ്യമുള്ള സന്ദർഭങ്ങളിൽ<br>• വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് |
| | * സ്കൂൾ തല പഠനോത്സവം സമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | " | സയൻസ് ക്ലബ്ബ് |
| | * ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം.<br>- നിരീക്ഷണം, അഭിമുഖം, സെമിനാർ | ആവശ്യാനുസരണം | സയൻസ് ക്ലബ്ബ് |
| * ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | • മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | വർഷത്തിൽ ഒരിക്കൽ | സയൻസ് ക്ലബ്ബ്. |
| * പഠന പിന്നോക്ക അവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം. | • അധ്യാപിക – കുട്ടി<br>കുട്ടി – കുട്ടി (peer group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | • ആഴ്ചയിൽ 2 ദിവസം | സയൻസ് ടീച്ചർ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| *സ്കൂൾ മുറ്റത്ത ഔഷധ തോട്ടം വിപുലപ്പെടുത്തൽ. | *ഔഷധസസ്യങ്ങളുടെയും ഭക്ഷ്യ സസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഔഷധ തോട്ടം വിപുലപ്പെടുത്തൽ. | ഇടവേളകളിൽ | സയൻസ് ക്ലബ്ബ് |
| *നാട്ടുമാവ് സംരക്ഷണം | *സ്കൂൾ മുറ്റത്തെ നാട്ടുമാവുകൾക്ക് പൂർണ്ണ സംരക്ഷണം ഒരുക്കൽ. | ഇടവേളകളിൽ | സയൻസ് ക്ലബ്ബ്. |
| *പരിസ്ഥിതി സംരക്ഷണം | • ഡ്രൈ ഡേ ആചരണം | ആഴ്ചയിൽ ഒരിക്കൽ | അധ്യാപകർ, കുട്ടികൾ |
| *മുഴുവൻ പഠനനേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ നൽകുന്നു. | അതാത് സമയത്ത് | അധ്യാപിക |
| | *ശാസ്ത്രപരീക്ഷണങ്ങൾ ചെയ്യാനുള്ള അവസരം ഒരുക്കുന്നു. കുട്ടികൾക്ക് ഒരു ശാസ്ത്ര കിറ്റ് (Std-7) | ആവശ്യാനുസരണം | സയൻസ് ക്ലബ്ബ്/ അധ്യാപിക. |
| *പ്രക്രിയാശേഷി വളർത്തുന്നു | ശാസ്ത്ര മാസിക, പതിപ്പ് തയ്യാറാക്കുന്നു. | " | " |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## വിഷയം :- മലയാളം

**ആമുഖം :-**

ആശയവിനിമയോപാധി എന്നതിനപ്പുറം ഭാഷ ഒരു ജനതയുടെ സ്വത്വബോധവും, സംസ്കാരവും പ്രതിഫലിപ്പിക്കുന്നു. മാതൃഭാഷാ പഠനം എന്നത് കേരളത്തിന്റെ സംസ്കാരവും, ചരിത്രവും മനസ്സിലാക്കുന്നതിനുള്ള ഒരു പ്രധാന ഘടകമാണ്. സാമൂഹിക ജീവിതത്തിൽ ക്രിയാത്മകമായി ഇടപെടുന്നതിനും ലോകത്തിന്റെ ഗതിവിഗതികൾ തിരിച്ചറിയുന്നതിനും മനുഷ്യനെ പ്രാപ്തനാക്കുന്നത് ഭാഷയാണ്. ആശയങ്ങളിൽ നിന്നും ഭാഷയുടെ അടിസ്ഥാനഘടകങ്ങളായ അക്ഷരം, പദം, വാക്യം എന്നിവയിലേക്ക് പോകുന്ന സമീപനം ഭാഷാക്ലാസ്സുകളെ സർഗാത്മകവും ജീവിതഗന്ധിയുമാക്കിത്തീർക്കുന്നു. സ്വതന്ത്രവായന, അർത്ഥോത്പാദനം, സ്വതന്ത്രാവിഷ്കാരം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു.

## ഭാഷാപഠന ലക്ഷ്യങ്ങൾ :-

* ശുദ്ധവും സ്പഷ്ടവുമായ ശ്രവ്യവായന
* ഭാഷയുടെ അടിസ്ഥാന വശങ്ങൾ മനസ്സിലാക്കുക.
* മലയാള ഭാഷയിൽ വായിക്കുക, എഴുതുക, സംസാരിക്കുക എന്നിവയിൽ നിപുണത നേടുക
* സർഗ്ഗാത്മക രചനകൾ നടത്തുക
* വായിച്ച് ആശയം ഗ്രഹിക്കൽ
* ആസ്വാദനം വളർത്തുക
* ആശയങ്ങളും അനുഭവങ്ങളും വൈവിധ്യമുള്ള മാധ്യമങ്ങളിൽ ആവിഷ്കരിക്കൽ
* ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക.
* ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| *പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പാക്കുന്നു | * പത്രവായന :- പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ.<br>*രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം എല്ലാ ദിവസവും ഓരോ ക്ലാസ്സിലെ കുട്ടികളെക്കൊണ്ടും സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | ജൂൺ മാസം മുതൽ എല്ലാ ദിവസവും | ഭാഷാ അധ്യാപകർ |
| *ഭാഷയുടെ അടിസ്ഥാന ശേഷി വികാസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | * പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ അവതരിപ്പിക്കുന്നു. കുട്ടികൾ ഡയറിക്കുറിപ്പ് തയ്യാറാക്കുന്നു. | ജൂൺമാസം | ഭാഷാ അധ്യാപകർ |
| | *ഭാഷാകേളി :- അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു.<br>*വായനക്കാർഡുകൾ നൽകി വായിപ്പിക്കുന്നു. ആശയങ്ങൾ ഗ്രഹിച്ച് ചോദ്യങ്ങൾ കണ്ടെത്തുന്നു. | ആഴ്ചയിൽ ഒരിക്കൽ | മലയാളം അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| * സർഗ്ഗശേഷി വികസനം | * വായനാനുഭവം പങ്കുവെക്കൽ; സാഹിത്യക്വിസ്– രചനാ ശില്പശാല ചിത്രരചന (പോസ്റ്റർ), കഥ, കവിത; കവിതാലാപനം | മാസത്തിൽ ഒരു തവണ | SRG, വിദ്യാരംഗം ക്ലബ്ബ് |
| * വിവിധ ശേഷികളുടെ വികസനം | * ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി നടപ്പിലാക്കൽ. | ജൂൺ – മാർച്ച് | SRG, ഭാഷാ അധ്യാപകർ |
| * ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം. | * അക്ഷരം ഉറപ്പിക്കൽ<br>* ചിഹ്നം ഉറപ്പിക്കൽ<br>* പദ നിർമ്മാണം<br>* വാക്യ നിർമ്മാണം<br>* ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സ് നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | മലയാളം അധ്യാപിക, SRG |
| | * പാഠഭാഗം - വായന | എല്ലാ ദിവസവും | അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| * സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കൽ . | * കുട്ടികളുടെ സർഗവാസനകൾ കണ്ടെത്തുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യുന്നു.<br>* സംഗീതം, നൃത്തം, അഭിനയം, ദൃശ്യാവിഷ്കാരം, കഥാരചന, കവിതാരചന, കവിതാലാപനം, തുടങ്ങി വ്യത്യസ്തങ്ങളായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ സർഗ്ഗവേളയിലൂടെ നൽകുന്നു . | ആഴ്ചയിൽ ഒരിക്കൽ | S.R.G, വിദ്യാരംഗം ക്ലബ്ബ് |
| | * കുട്ടികളുടെ സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചു കൊണ്ട് പതിപ്പുകൾ തയ്യാറാക്കുന്നു . | വർഷാവസാനം | ഭാഷാ അധ്യാപിക |